"ഭരണഭാഷ - മാതൃഭാഷ"

ഫോൺ: 0471-2478759 (Office)
ഇ-മെയിൽ: registrar.kdc@kerala.gov.in

**കേരള ഡെന്റൽ കൗൺസിൽ**
**അമ്പലത്തുമുക്ക്, വഞ്ചിയൂർ, തിരുവനന്തപുരം, കേരള - 695035**

---

## ഡെന്റിസ്ട്രിയിൽ ആജീവനാന്ത സേവന പുരസ്കാരം

ഡെന്റിസ്ട്രിയിലെ ആജീവനാന്ത സേവനത്തിന് പുരസ്കാരം നൽകുവാൻ കേരള ഡെന്റൽ കൗൺസിൽ തീരുമാനിച്ചിരിക്കുന്നു. ആയതിലേക്ക് താഴെ പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു.

1) കേരള ഡെന്റൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 60 വയസ്സിനു മുകളിൽ പ്രായമുള്ള ദന്ത ഡോക്ടറായിരിക്കണം.

2) കേരള ഡെന്റൽ കൗൺസിലിലെ നിലവിലെ അംഗമായിരിക്കാൻ പാടില്ല.

3) കൗൺസിലിന്റെ അച്ചടക്ക നടപടികളുടെ ഭാഗമായോ സദാചാര ദൂഷ്യം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്ക് കോടതി മുഖേനയോ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളായിരിക്കാൻ പാടുള്ളതല്ല.

4) ദന്താരോഗ്യ മേഖലയിലും, ശാസ്ത്ര - വിദ്യാഭ്യാസ മേഖലകളിലും സാമൂഹിക - സാംസ്കാരിക രംഗങ്ങളിലും സേവനം നൽകിയിട്ടുള്ളവരായിരിക്കണം.

മേൽപ്പറഞ്ഞ യോഗ്യതയുള്ള പ്രഗൽഭരായ ഡെന്റിസ്റ്റുകൾക്ക് അവരുടെ സേവനങ്ങളെ മുൻനിർത്തി പ്രസ്തുത പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതോ മറ്റുള്ളവർക്ക്, അതായത് സംഘടനകൾക്കോ വ്യക്തികൾക്കോ നിർദ്ദേശിക്കാവുന്നതോ ആണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഏറ്റവും അനുയോജ്യരായ വ്യക്തികളെ തെരെഞ്ഞടുക്കുന്നതാണ്. ഇക്കാര്യത്തിൽ കേരള ഡെന്റൽ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും. അപേക്ഷകൾ യോഗ്യത തെളിയിക്കുന്നതിനുള്ള അനുബന്ധരേഖകൾ സഹിതം നവംബർ 20-ാം തീയ്യതിക്കു മുമ്പ് കൗൺസിലിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അപേക്ഷകർക്ക് കേരള ഡെന്റൽ കൗൺസിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

രജിസ്ട്രാർ